# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൌക്കത്ത് 11,077 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു.

   **UDF candidate Aryadan Shaukat won the Nilambur assembly by-election by a margin of 11,077 votes.**

2. രാജ്യത്ത് മറ്റ് നാല് മണ്ഡലങ്ങളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ രണ്ടിടത്ത് ആം ആദ്മിയ്ക്ക് വിജയം. ഓരോ സീറ്റു വീതം നേടി ബി.ജെ.പി യും തൃണമൂൽ കോൺഗ്രസും.

   **Aam Aadmi Party won two seats in the by-elections held in four other constituencies in the country. BJP and Trinamool Congress won one seat each.**

3. ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to inaugurate the Sree Narayana Guru - Mahatma Gandhi conversation centenary celebrations in New Delhi tomorrow.**

4. മിസൈൽ ആക്രമണം തുടർന്ന് ഇറാനും ഇസ്രായേലും. ഹൊർമ്മൂസ് കടലിടുക്ക് അടയ്ക്കാനുള്ള നീക്കത്തിൽ ആശങ്കയിലായി ആഗോള ഊർജ സുരക്ഷാ മേഖല.

Iran and Israel following the missile attack. The global energy security sector is worried about the move to close the Strait of Hormuz.

5. കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഏകീകൃത പെൻഷൻ പദ്ധതി പ്രകാരം ഓപ്ഷൻ സമർപ്പിക്കാനുള്ള സമയ പരിധി സെപ്റ്റംബർ 30 വരെ നീട്ടി.

The deadline for submitting options under the Unified Pension Scheme for central government employees has been extended to September 30.

6. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു.

India's second innings batting is progressing against England in the Leeds cricket test.

*****************************************************************

## NILAMPUR -1

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൌക്കത്ത് 11,077 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. പോൾ ചെയ്ത ഒരു ലക്ഷത്തി 75,989 വോട്ടിൽ ഷൌക്കത്തിന് 77,737 വോട്ട് ലഭിച്ചു.

എൽ.ഡി.എഫ് സ്ഥാനാർത്ഥി എം. സ്വരാജിന് 66,660 വോട്ടും, കക്ഷി രഹിത സ്ഥാനാർത്ഥി പി.വി.അൻവറിന് 19,760 വോട്ടും ലഭിച്ചു. 8,648 വോട്ടാണ് എൻ.ഡി.എ യുടെ മോഹൻ ജോർജ് നേടിയത്.

*****************************************************************

## NILAMPUR RESPONSE

ഭരണവിരുദ്ധ വികാരമാണ് നിലമ്പൂരിലെ വിജയത്തിലൂടെ ദൃശ്യമായതെന്ന് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫും മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ്തങ്ങളും പ്രതികരിച്ചു. തിരഞ്ഞെടുപ്പ് ഫലം ടീം യു.ഡി.എഫിന്റെ വിജയമാണെന്നും സർക്കാരിനെതിരായ

ജനവിധിയാണ് നിലമ്പൂരിലുണ്ടായതെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. പിണറായിസത്തിനെതിരായ വോട്ടാണ് തനിക്ക് ലഭിച്ചതെന്ന് കക്ഷിരഹിത സ്ഥാനാർത്ഥി പി.വി.അൻവർ പ്രതികരിച്ചു.

*****************************************************************

## NILAMPUR - CPIM

ഉപതിരഞ്ഞെടുപ്പിൽ ഭരണവിരുദ്ധ വികാരം പ്രതിഫലിച്ചുവെന്ന ആരോപണം തള്ളി സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. വർഗീയ ശക്തികളുടെ പിന്തുണ കൊണ്ടാണ് നിലമ്പൂരിൽ യു.ഡി.എഫ് വിജയിച്ചതെന്ന് ശ്രീ.എം.വി.ഗോവിന്ദൻ ആരോപിച്ചു. അതേസമയം, ഉപതിരഞ്ഞെടുപ്പ് ഫലം യു.ഡി.എഫിന്റെ വിജയമായി കണക്കാക്കാനാകില്ലെന്നും എൽ.ഡി.എഫിന്റെയും യു.ഡി.എഫിന്റെയും വോട്ടിംഗ് ശതമാനത്തിൽ കുറവുണ്ടായതായും എൻ.ഡി.എ യുടെ വോട്ടിങ്ങിൽ വർധനയുണ്ടായതായും ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം പി.കെ.കൃഷ്ണദാസ് പറഞ്ഞു.

*****************************************************************

## NILAMPUR RESPONSE -2

ഒരൊറ്റ ലക്ഷ്യത്തിനായി സമർപ്പണത്തോടെയുള്ള യു.ഡി.എഫിന്റെ പ്രവർത്തന ഫലമാണ് നിലമ്പൂരിലെ വിജയമെന്ന് കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി അഭിപ്രായപ്പെട്ടു. എന്നാൽ മണ്ഡലത്തിലെ ബി.ജെ.പി വോട്ടുകൾ വർദ്ധിപ്പിക്കാനായെന്നും ദേശ വിരുദ്ധ ശക്തികളെ പ്രീണിപ്പിക്കുന്ന രാഷ്ട്രീയം തുറന്നുകാട്ടാൻ എൻ.ഡി.എ യ്ക്ക് കഴിഞ്ഞതായും ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പ്രസ്താവിച്ചു.

*****************************************************************

## COUNTING GUJ

ഗുജറാത്തിൽ രണ്ട് നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ സമാധാനപരമായി നടന്നു. വിസവ്ദർ സീറ്റിൽ ആം ആദ്മി പാർട്ടിയുടെ ഗോപാൽ ഇറ്റാലിയയും, കഡി മണ്ഡലത്തിൽ ബി.ജെ.പിയുടെ രാജേന്ദ്ര കുമാർ ചവാഡയുമാണ് വിജയിച്ചത്.

*******************************************************

## COUNTING – PUNJAB

പഞ്ചാബിലെ ലുധിയാന വെസ്റ്റ് നിയമസഭ ഉപതെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥി സഞ്ജീവ് അറോറ 10,637 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. മണ്ഡലത്തിലെ എം.എൽ.എ ഗുർപ്രീത് ബാസി ഗോഗിയുടെ മരണത്തെത്തുടർന്നാണ് ലുധിയാന വെസ്റ്റ് സീറ്റിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്. 14 സ്ഥാനാർത്ഥികളായിരുന്നു മത്സര രംഗത്തുണ്ടായിരുന്നത്.

*******************************************************

## WB-BY ELECTION

പശ്ചിമ ബംഗാളിലെ കാളിഗഞ്ച് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥി അലിഫ അഹമ്മദ് വിജയിച്ചു. ബി.ജെ.പി യുടെ ആശിഷ് ഘോഷിനെ 50,049 വോട്ടുകൾക്കാണ് പരാജയപ്പെടുത്തിയത്.

*******************************************************

## PREZ – ACCOUNTANT (INTRO)

ലോകം കാലാവസ്ഥാ വ്യതിയാനം കാരണമുള്ള പ്രതിസന്ധി നേരിടുമ്പോൾ സുസ്ഥിരത അനിവാര്യ ഘടകമായി മാറുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ,

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ദേശീയ ബിരുദ ദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക പരിവർത്തനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് ശ്രീമതി ദ്രൗപദി മുർമു അഭിപ്രായപ്പെട്ടു. (വോയ്സ് )

*************************************************************

## PM – CENTENARY CELEBRATION

ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. 1925 മാർച്ച് 12 ന് മഹാത്മാഗാന്ധി ശിവഗിരി മഠം സന്ദർശിച്ച വേളയിലാണ് ചരിത്രപരമായ സംഭാഷണം നടന്നത്. വൈക്കം സത്യഗ്രഹം, അഹിംസ, അയിത്തം നിർത്തലാക്കൽ, അധഃസ്ഥിതരുടെ ഉന്നമനം എന്നീ വിഷയങ്ങളിലായിരുന്നു ഇരുനേതാക്കളും ചർച്ച നടത്തിയത്. ഇന്ത്യയുടെ സാമൂഹികവും ധാർമികവുമായ ഘടനയെ രൂപപ്പെടുത്തുന്നതിന് സഹായിച്ച ഈ മഹത് സംഭാഷണത്തിന്റെ നൂറാം വാർഷിക അനുസ്മരണത്തിൽ ആത്മീയ നേതാക്കളും മറ്റ് പ്രമുഖരും പങ്കെടുക്കും.

*************************************************************

## CRICKET

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 3 വിക്കറ്റ് നഷ്ടത്തിൽ 254 റൺസ് എന്ന നിലയിലാണ്. രണ്ട് വിക്കറ്റ് നഷ്ടത്തിൽ 90 റൺസെന്ന നിലയിലാണ് നാലാം ദിവസമായ ഇന്ന് ഇന്ത്യ കളി

പുനരാരംഭിച്ചത്. ഒന്നാം ഇന്നിങ്സിൽ ആറ് റൺസിൻ്റെ ലീഡാണ് ഇന്ത്യയ്ക്കുള്ളത്.

**************************************************************

## UPS

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഏകീകൃത പെൻഷൻ പദ്ധതി പ്രകാരം ഓപ്ഷൻ സമർപ്പിക്കാനുള്ള സമയ പരിധി സെപ്റ്റംബർ 30 വരെ നീട്ടി. നേരത്തെ ഇത് ഈമാസം 30 വരെയായിരുന്നു. ഗുണഭോക്താക്കൾ നൽകിയ അപേക്ഷ പരിഗണിച്ചാണ് തീയതി നീട്ടിയത്. നിലവിലുള്ള ജീവനക്കാർക്കും വിരമിച്ചവർക്കും ഉൾപ്പെടെ ഇത് ബാധകമാണ്.

**************************************************************

## JITENDRA - SCIENCE (INTRO)

കഴിഞ്ഞ പതിനൊന്ന് വർഷങ്ങൾക്കിടെ രാജ്യത്തെ വളർച്ചയുടെ പ്രധാന ഘടകമായി സാങ്കേതികവിദ്യ മാറിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ
ഒരു വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2014 ൽ 50 ബയോടെക് സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നു. പുതിയ ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ ശാസ്ത്രം, ഭരണ പരിഷ്കാരങ്ങൾ തുടങ്ങിയവ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും ശ്രീ.ജിതേന്ദ്ര സിംഗ് വ്യക്തമാക്കി.

(വോയിസ്)

**************************************************************

## IRAN-ISRAEL CONFLICT

ഇറാൻ ഇസ്രായേൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇന്ന് പുലർച്ചെ ഇറാനിൽ വ്യോമാക്രമണങ്ങൾ നടത്തിയതായി ഇസ്രായേൽ സൈന്യം വ്യക്തമാക്കി. ഇറാനിലെ കെർമൻഷാ പ്രവിശ്യയിലെ സൈനിക അടിസ്ഥാന സൗകര്യ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടാണ് ആക്രമണങ്ങൾ നടത്തിയത്. ഇറാൻ ഇസ്രായേലിലേക്കും വ്യോമാക്രമണങ്ങൾ തുടരുകയാണ്. അതേസമയം ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി ഇന്ന് മോസ്കോയിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. ഹൊർമ്മൂസ് കടലിടുക്ക് അടച്ചുപൂട്ടാനുള്ള ആശയം ഇറാൻ പാർലമെന്റ് അംഗീകരിച്ചതോടെ ആഗോള ഊർജ സുരക്ഷ ആശങ്കയിലാണ്. എന്നാൽ ഇതിനെ ചെറുക്കുന്നതിനായി നാവിക ഏറ്റുമുട്ടലുകൾക്ക് ഉൾപ്പെടെ അമേരിക്ക തയ്യാറെടുക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

*****************************************************************

## SHAH - ZONAL COUNCIL MEETING

ഉത്തർപ്രദേശിലെ വാരാണസിയിൽ ആരംഭിക്കുന്ന മധ്യ മേഖലാ കൗൺസിലിന്റെ 25-ാമത് യോഗത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ അധ്യക്ഷത വഹിക്കും. ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് കൗൺസിലിൽ ഉൾപ്പെടുന്നത്. ഈ സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരും രണ്ട് മുതിർന്ന മന്ത്രിമാരും യോഗത്തിൽ പങ്കെടുക്കും.

*****************************************************************

## WEATHER

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ

വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതയാണ്. സംസ്ഥാനത്ത് ശക്തമായ കാറ്റിനും സാധ്യതയുണ്ട്. .

*******************************************************************

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 27 വരെ അറിയിക്കാവുന്നതാണ്.

*******************************************************************

## PRESIDENT-BOOK LAUNCH

രാഷ്ട്രപതി ദ്രൗപദി മുർമു 2023 ഓഗസ്റ്റ് മുതൽ ഒരുവർഷ കാലയളവിൽ നടത്തിയ പ്രസംഗങ്ങൾ അടങ്ങുന്ന പുസ്തകം 'വിംഗ്സ് ടു ഔർ ഹോപ്പ് - വാല്യം 2' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ കേന്ദ്ര മന്ത്രിമാരായ അശ്വനി വൈഷ്ണവ്, എൽ.മുരുഗൻ എന്നിവർ പങ്കെടുത്തു.

*******************************************************************

## PIB FACT CHECK

ഇറാനെതിരെ വ്യോമാക്രമണം നടത്താൻ അമേരിക്ക ഇന്ത്യൻ വ്യോമമേഖല ഉപയോഗിച്ചെന്ന പ്രചാരണം തള്ളി കേന്ദ്ര

സർക്കാർ. സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ഇത്തരം വാർത്തകൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു.

**********************************************************

## OIL MARKET PRICE SURGE

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ആഗോളതലത്തിൽ എണ്ണവിലയിൽ വൻ വർദ്ധന. അഞ്ച് മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇന്ന് രേഖപ്പെടുത്തിയത്. ബ്രെന്റ് ക്രൂഡിന്റെ വില രണ്ട് ശതമാനത്തിലേറെ വർദ്ധിച്ചു. ബാരലിന് 79 ഡോളറിലധികമാണ് ഇന്നത്തെ വില.

************************************************************************************
********************************************************************************